# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4028 25.06.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ ക്രമാതീതമായി വർധിച്ച് വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ക്രമാതീതമായി വർധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | 2015,2016,2017 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ- പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ പ്രകാരമുള്ള എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസ്സുകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെ തിരായ അതിക്രമങ്ങൾ സംബന്ധിച്ച് 2015, 2016, 2017 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടേയും കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടേയും എണ്ണം ചുവടെ ചേർക്കുന്നു. |

| | 2015 | 2016 | 2017 |
|---|---|---|---|
| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 832 | 992 | 1267 |
| കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | 472 | 577 | 609 |

പിന്നോക്ക വിഭാഗങ്ങളുടെ കണക്കുകൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല

| | | | |
|---|---|---|---|
| സി) | പട്ടികജാതി പട്ടികവർഗ്ഗ -പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാനുള്ള എന്തൊക്കെ നടപടികളാണ് പിന്നോക്ക ക്ഷേമ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | സി) | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989) ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക. അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അവർക്ക് സൗജന്യ നിയമ സഹായം, അർഹമായ ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമ പ്രകാരം ഉറപ്പ |

വരുത്തുന്നുണ്ട്.

ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ വർഷത്തിൽ രണ്ട് പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്.

ഇത്തരം കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരും സംസ്ഥാനതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നോഡൽ ഓഫീസറായി പ്രവർത്തിച്ചുവരുന്നു. അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് അർഹമായ നഷ്ടപരിഹാരം ജില്ലാ കളക്ടർ നൽകി വരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്നവർക്കും വിചാരണ ദിവസം യാത്രാ ചെലവ്, ഉപജീവന ചെലവ്, ഭക്ഷണ ചെലവ് എന്നിവ നൽകി വരുന്നുണ്ട്.

കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്ടും സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചു വരുന്നു.

അതിക്രമങ്ങളും ചൂഷണവും തടയുന്നതിന് ബോധവത്ക്കരണ സെമിനാറുകൾ സംഘടി പ്പിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിലൂടെ ശാക്തീകരിക്കുന്നതിനും. നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖലകളിൽ പരിശീലനം നൽകുന്ന ഗോത്ര ജീവികപോലുള്ള പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് അവരെ ചൂഷണത്തിൽ നിന്നും തടയുക എന്നതാണ് ലക്ഷ്യം.<br>പിന്നോക്ക വിഭാഗ വകുപ്പിൽ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**